ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

TIME: 12.30 PM DATE: 15.05.2026

## പ്രധാനവാർത്ത

1. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ആറു ദിവസത്തെ വിദേശ പര്യടനത്തിന് തുടക്കമായി. യുഎഇ, നെതർലാൻഡ്സ്, സ്വീഡൻ, നോർവേ, ഇറ്റലി എന്നീ രാജ്യങ്ങൾ സന്ദർശിക്കും.
2. സംസ്ഥാനത്ത് മന്ത്രിസഭാ രൂപീകരണ ചർച്ചകൾ പുരോഗമിക്കുന്നു. വി ഡി സതീശന്റെ നേതൃത്വത്തിലുള്ള യുഡിഎഫ് മന്ത്രിസഭയുടെ സത്യപ്രതിജ്ഞ തിങ്കളാഴ്ച.
3. നീറ്റ് യു.ജി പുന:പരീക്ഷ ജൂൺ 21 ന്. പരീക്ഷ സമയം 15 മിനിറ്റ് കൂടി ദീർഘിപ്പിച്ചതായി കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാൻ.
4. എസ്എസ്എൽസി പരീക്ഷാ ഫലം ഇന്ന് പ്രഖ്യാപിക്കും. ഫലം പരിശോധിക്കാൻ വിപുലമായ ക്രമീകരണങ്ങൾ.
5. സംസ്ഥാനത്ത് തിങ്കളാഴ്ച വരെ വ്യാപക മഴ തുടരും. 8 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത. കേരള, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.
6. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ലഖ്നൗ സൂപ്പർജയന്റ്സ് - ചെന്നൈ സൂപ്പർ കിംഗ്സ് പോരാട്ടം.

RNU TVPM

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## <u>പ്രധാനമന്ത്രി - വിദേശ പര്യടനം</u>

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ആറു ദിവസത്തെ വിദേശ പര്യടനത്തിന് തുടക്കമായി. യുഎഇ, നെതർലാൻഡ്സ്, സ്വീഡൻ, നോർവേ, ഇറ്റലി എന്നീ രാജ്യങ്ങളിലെ സന്ദർശനത്തിന്റെ ആദ്യ ഘട്ടത്തിൽ, ശ്രീ മോദി ഇന്ന് യുഎഇയിലെത്തും. യു എ ഇ പ്രസിഡൻറ് ഷെയ്ഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാനുമായി കൂടിക്കാഴ്ച നടത്തും. രണ്ടാം പാദത്തിൽ നെതർലാൻഡ്സിൽ എത്തുന്ന അദ്ദേഹം, വില്യം അലക്സാണ്ടർ രാജാവിനെയും പ്രധാനമന്ത്രി റോബ് യെട്ടനെയും സന്ദർശിക്കും. തുടർന്ന് സ്വീഡൻ, നോർവേ, ഇറ്റലി എന്നീ രാജ്യങ്ങളും ശ്രീ നരേന്ദ്ര മോദി സന്ദർശിക്കും.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## <u>മുഖ്യമന്ത്രി</u>

സംസ്ഥാനത്ത് മന്ത്രിസഭാ രൂപീകരണ ചർച്ചകൾ പുരോഗമിക്കുന്നു. വി ഡി സതീശന്റെ നേതൃത്വത്തിലുള്ള യുഡിഎഫ് മന്ത്രിസഭയുടെ സത്യപ്രതിജ്ഞ തിങ്കളാഴ്ച നടക്കും. വിവിധ ഘടക കക്ഷികളുടെ മന്ത്രി സ്ഥാനം, വകുപ്പുകൾ തുടങ്ങിയവ സംബന്ധിച്ച് വിപുലമായ ചർച്ചകളും സജീവമാണ്. യു ഡി എഫ് നേതൃയോഗവും ഇന്ന് ചേരുന്നുണ്ട്. അതെസമയം, നിയുക്ത മുഖ്യമന്ത്രി വി ഡി സതീശൻ മുതിർന്ന നേതാക്കളായ പി. ജെ. ജോസഫ്, അടൂർ പ്രകാശ് എന്നിവരേയും സി പി ഐ എം പോളിറ്റ് ബ്യൂറോ അംഗം പിണറായി വിജയനേയും സന്ദർശിച്ചു.

RNU TVPM

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## <u>പെട്രോൾ വില</u>

രാജ്യത്ത് ഇന്ധന വിലയിൽ വർധന. പെട്രോളിനും ഡീസലിനും ലിറ്ററിന് 3 രൂപ എണ്ണക്കമ്പനികൾ വർദ്ധിപ്പിച്ചു. ആഗോളതലത്തിൽ ഇന്ധന വില കുതിച്ചുയരുന്ന സാഹചര്യത്തിലാണ് തീരുമാനം. തിരുവനന്തപുരത്ത് പെട്രോൾ ലിറ്ററിന് 110 രൂപ 25 പൈസയും ഡീസലിന് 99 രൂപ 63 പൈസയുമായി.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## <u>നീറ്റ് യു.ജി. പരീക്ഷ (ഇൻട്രോ)</u>

നീറ്റ് - യു.ജി പുന:പരീക്ഷ ജൂൺ 21 ന് നടക്കും. പരീക്ഷാ സമയം 15 മിനിറ്റ് കൂടി ദീർഘിപ്പിച്ചതായി കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര

പ്രധാൻ ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ അറിയിച്ചു. വിദ്യാർത്ഥികൾക്ക് അടുത്ത മാസം 14-ന് മുമ്പ് അഡ്മിറ്റ് കാർഡ് ലഭ്യമാക്കും. നിലവിലുള്ള ഒഎംആർ അധിഷ്ഠിത രീതിക്ക് പകരം അടുത്ത വർഷം മുതൽ കമ്പ്യൂട്ടർ അധിഷ്ഠിത രീതിയിലായിരിക്കും പരീക്ഷ നടത്തുകയെന്നും കേന്ദ്ര വിദ്യാഭ്യാസ മന്ത്രി അറിയിച്ചു.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

CBI **അറസ്റ്റ്**

നീറ്റ് യുജി ചോദ്യപേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട് രണ്ടുപേരെ കൂടി CBI അറസ്റ്റ് ചെയ്തു. പൂനെ സ്വദേശികളാണ് ഇവർ. ഇന്നലെ രാജ്യത്തെ 14 ഇടങ്ങളിൽ റെയ്ഡ് നടന്നു. കഴിഞ്ഞ ദിവസങ്ങളിൽ അറസ്റ്റിലായ അഞ്ച് പേരെ ഡൽഹി കോടതിയിൽ ഹാജരാക്കുകയും ഇവരെ ഏഴ് ദിവസത്തെ പോലീസ് കസ്റ്റഡിയിൽ വിടുകയും ചെയ്തു.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

**എസ്എസ്എൽസി പരീക്ഷാ ഫലം**

സംസ്ഥാനത്ത് എസ്എസ്എൽസി പരീക്ഷാ ഫലം ഇന്ന് പ്രഖ്യാപിക്കും. ഉച്ചയ്ക്ക് ശേഷമായിരിക്കും ഫല പ്രഖ്യാപനം. ടിഎച്ച്എസ്എൽസി, എഎച്ച്എസ്എൽസി പരീക്ഷാ ഫലങ്ങളും ഇതോടൊപ്പം പ്രഖ്യാപിക്കും. നമ്മുടെ കേരളം, സഫലം കൈറ്റ് എന്നീ മൊബൈൽ ആപ്പുകൾ, result.kerala.gov.in, prd.kerala.gov.in തുടങ്ങിയ വെബ്സൈറ്റുകൾ എന്നിവയിലൂടെയും എസ്എസ്എൽസി പരീക്ഷാ ഫലം ലഭ്യമാകും.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

**ഹജ്ജ് ക്യാമ്പ് - കണ്ണൂർ (ഇൻട്രോ)**

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്നുള്ള ഈ വർഷത്തെ ഹജ്ജ് തീർത്ഥാടനം പൂർത്തിയായി.

ഫ്ലൈ അദീൽ എയർലൈൻസാണ് ഇത്തവണ ഹജ്ജ് സർവീസ് നടത്തിയത്.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഓ ശശിധരൻ.**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

RNU TVPM

**ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട്**

ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആൻഡ് ടെക്നോളജിയിലെ 42 -ാമത് വാർഷിക ബിരുദദാനവും 9-ാമത് ജി പാർത്ഥസാരഥി സ്മാരക പ്രഭാഷണവും നാളെ നടക്കും. ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം സെക്രട്ടറി പുണ്യ സലില ശ്രീവാസ്തവ മുഖ്യാഥിതിയാകും.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

**ഗർഭാശയഗള ക്യാൻസർ**

സംസ്ഥാനത്ത് ഗർഭാശയഗള ക്യാൻസർ പ്രതിരോധിക്കുന്നതിനുള്ള എച്ച്.പി.വി. വാക്സിനേഷൻ ഈ മാസം 31 വരെ തുടരും. എല്ലാ സർക്കാർ ആശുപത്രികളിലും പ്രതിരോധ കുത്തിവെയ്പ്പ് ലഭ്യമാണ്. 14 നും 15 വയസ്സിനും ഇടയിൽ പ്രായമുള്ള പെൺകുട്ടികൾക്കാണ് സൗജന്യമായി
ഒറ്റ ഡോസ് വാക്സിനേഷൻ ലഭ്യമാക്കുന്നത്. ഫെബ്രുവരി 28-ന് ആരംഭിച്ച രാജ്യവ്യാപക ക്യാമ്പയിൻറെ ഭാഗമായാണ് നടപടി.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

RNU TVPM

**വംശനാശഭീഷണി - ദേശീയദിനം**

വംശനാശഭീഷണി നേരിടുന്ന ജീവികൾക്കായുള്ള ദേശീയ ദിനം ഇന്ന്. ഭൂമിയിൽ വംശനാശഭീഷണി നേരിടുന്ന സസ്യ-ജന്തുജാലങ്ങളെ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം ഓർമ്മിപ്പിച്ചുകൊണ്ടാണ് എല്ലാ വർഷവും മേയ് മാസത്തിലെ മൂന്നാമത്തെ വെള്ളിയാഴ്ച ദിനാചരണം സംഘടിപ്പിക്കുന്നത്. വംശനാശത്തിന്റെ വക്കിലെത്തി നിൽക്കുന്ന ജീവിവർഗ്ഗങ്ങളെക്കുറിച്ചും അവയുടെ നിലനിൽപ്പിന് ആവശ്യമായ പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ചും ജനങ്ങളിൽ അവബോധം വളർത്തുകയാണ് ലക്ഷ്യം.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

**അവധിക്കാലം (ഇൻട്രോ)**

ഇടുക്കിയിൽ അവധിക്കാലം ആഘോഷമാക്കാൻ സഞ്ചാരികളുടെ വരവ് വർദ്ധിച്ചതോടെ ജില്ലയിലെ ജല വിനോദങ്ങൾക്ക് തിരക്കേറുന്നു. ഹൈഡൽ ടൂറിസം സെന്ററുകളിലാണ് ഏറ്റവും കൂടുതൽ സഞ്ചാരികളുടെ തിരക്ക് അനുഭവപ്പെടുന്നത്.
**ആകാശവാണി ഇടുക്കി ജില്ലാ പ്രിതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്**.........

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

**മഴ - സംസ്ഥാനം**

സംസ്ഥാനത്ത് വ്യാപക മഴ തുടരുന്നു. ബംഗാൾ ഉൾക്കടലിലെ ന്യൂനമർദ്ദത്തിൻറെ സ്വാധീനത്താൽ വിവിധയിടങ്ങളിൽ തിങ്കളാഴ്ച വരെ ഇടിമിന്നലോടു കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയുണ്ട്. 8 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. തിരുവനന്തപുരം കല്ലാറിൽ ജലനിരപ്പ് ഉയർന്നതിനാൽ കല്ലാർ ഇക്കോടൂറിസം താൽക്കാലികമായി അടച്ചിടുന്നതായി ജില്ലാ ഫോറസ്റ്റ് ഓഫീസർ അറിയിച്ചു. അതെസമയം, കേരള, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് ഇന്ന് വിലക്കേർപ്പെടുത്തിയിട്ടുണ്ട്.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

**അമീബിക് മസ്തിഷ്കജ്വരം**

അമീബിക് മസ്തിഷ്കജ്വരം ലക്ഷണങ്ങളോടെ ഒരാളെ കൂടി കോഴിക്കോട് മെഡിക്കൽ കോളെജ് ആശുപത്രിയിൽ പ്രവേശി പ്പിച്ചു. കോഴിക്കോട് സ്വദേശിയായ 19 കാരനാണ് ചികിൽസയിലുള്ളത്. രോഗ ഉറവിടം സംബന്ധിച്ച് പരിശോധന ആരംഭിച്ചതായി അധികൃതർ അറിയിച്ചു. നിലവിൽ ഒമ്പത് വയസുള്ള കുട്ടിയും ചികിൽസയിലുണ്ട്.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

**ഉത്തർപ്രദേശ് -കനത്ത മഴ**

ഉത്തർപ്രദേശിൽ കഴിഞ്ഞ 36 മണിക്കൂറിനിടെയുണ്ടായ കനത്ത മഴയിലും കാറ്റിലും ഇടിമിന്നലിലും 111 പേർ മരിച്ചു. ഇരുനൂറോളം പേർക്ക് പരിക്കേറ്റിട്ടുണ്ട്. പ്രതികൂല കാലാവസ്ഥയെത്തുടർന്ന് മരങ്ങളുടെ ചുവട്ടിൽ അഭയം പ്രാപിച്ചവരാണ് അപകടത്തിൽപ്പെട്ടവരിലേറെയും. ഗതാഗത സംവിധാനങ്ങളും തടസ്സപ്പെട്ടു. പ്രയാഗ് രാജ്, ഭദോഹി, മിർസാപൂർ, ഫത്തേപൂർ, വാരാണസി എന്നിവിടങ്ങളിലാണ് മഴക്കെടുതി രൂക്ഷം. രക്ഷാപ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

**ഓഹരി - സ്വർണം**

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 176 പോയിൻറ് നേട്ടത്തിൽ 75,575 ലും, നിഫ്റ്റി 62 പോയിൻറ് ഉയർന്ന്

RNU TVPM

23,752 ലും വ്യാപാരം പുരോഗമിക്കുന്നു. സ്വർണ വില കുറഞ്ഞു. പവന് 1,640 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി 17,400 രൂപയും, ഗ്രാമിന് 14,675 രൂപയുമാണ് ഇന്നത്തെ വില.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

**സ്വർണാഭരണ കയറ്റുമതി**

രാജ്യത്തെ സ്വർണാഭരണ കയറ്റുമതിക്കാർക്ക് നികുതിയില്ലാതെ സ്വർണം ഇറക്കുമതി ചെയ്യാൻ അനുമതി നൽകുന്ന 'അഡ്വാൻസ് ഓതറൈസേഷൻ സ്കീം' പ്രകാരം ഇനി മുതൽ പരമാവധി 100 കിലോഗ്രാം സ്വർണം മാത്രമേ കൊണ്ടുവരാനാകൂ എന്ന് കേന്ദ്ര സർക്കാർ. ഇതുസംബന്ധിച്ച വിജ്ഞാപനം ഡയറക്ടറേറ്റ് ജനറൽ ഓഫ് ഫോറിൻ ട്രേഡ് പുറത്തിറക്കി. മുൻപ് ഈ പദ്ധതിക്ക് കീഴിൽ ഇത്തരത്തിൽ നിയന്ത്രണങ്ങൾ ഉണ്ടായിരുന്നില്ല. പദ്ധതിക്ക് കീഴിൽ ആദ്യമായി അപേക്ഷിക്കുന്ന എല്ലാ ജ്വല്ലറി നിർമ്മാണ യൂണിറ്റുകളുടെയും പ്രവർത്തന നിലയും ശേഷിയും പരിശോധിക്കുന്നതിനായി DGFT നേരിട്ടുള്ള പരിശോധന നിർബന്ധമാക്കിയിട്ടുണ്ട്. മുൻപ് അനുമതി ലഭിച്ചവർ നിശ്ചിത കയറ്റുമതി ബാധ്യതയുടെ കുറഞ്ഞത് 50 ശതമാനമെങ്കിലും പൂർത്തിയാക്കിയാൽ മാത്രമേ അടുത്ത തവണ സ്വർണം ഇറക്കുമതി ചെയ്യാൻ അനുവാദം നൽകുവെന്നും വിജ്ഞാപനത്തിൽ പറയുന്നു.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

**ഐപിഎൽ**

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ലഖ്നൗ സൂപ്പർജയന്റ്സ് - ചെന്നൈ സൂപ്പർ കിംഗ്സിനെ നേരിടും. രാത്രി 7.30ന് ലഖ്നൗവിലാണ് മത്സരം.

✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠✠

RNUTVPM